തൊടുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭരണാധികാരം പുനഃസ്ഥാപിക്കാൻ നടപടി

162 [3567] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ കെ. എസ്. ഇ. ബി.-യുടെ തൊടുപുഴ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന തൊടുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭരണാധികാരം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തൊടുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭരണത്തിലുണ്ടാകേണ്ട അധികാരങ്ങൾ കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളും തൊടുപുഴ ഇലക്ട്രിക്കൽ ഡിവിഷനും പ്രത്യേക ഓഫീസുകളായി ഭരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

അണ്ടർ വാല്യൂവേഷൻ കേസുകളും അദാലത്തുകളും

163 [3568] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അണ്ടർ വാല്യൂവേഷൻ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിൽ പണം അടച്ചു തീർത്തു എന്നും എത്ര എണ്ണത്തിൽ കോടതി കേസ് നിലവിലുണ്ടെന്നും, എത്ര എണ്ണം അദാലത്തിൽ തീർത്തു എന്നും വ്യക്തമാക്കുമോ;

(സി) അണ്ടർ വാല്യൂവേഷൻ നോട്ടീസ് അയച്ച് നടപടി സ്വീകരിച്ചതിലൂടെ സർക്കാരിന് എന്തു തുക വരുമാനമായി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) നോട്ടീസ് അയച്ച ശേഷം തുക അടയ്ക്കാതെ തീർത്ത നടപടികൾ എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly